# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഹിന്ദി വിഭാഗം - സ്ഥലംമാറ്റം സംബന്ധിച്ച് - ശ്രീമതി സിന്ധു ജി. നായർ സമർപ്പിച്ച പരാതി - അപാകത പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ഉത്തരവ് നമ്പർ എ.4/ 19535/2015/കോ.വി.വ. തീയതി: 24 /07/2015

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1) 28.05.2015 ലെ ഈ ഓഫീസിലെ A4/2303/15/കോ.വി.വ. നമ്പർ നടപടിക്രമം.
2) 07.07.2015 ലെ ഡോ. സിന്ധു ജി. നായർ-ന്റെ കത്ത്/നിവേദനം.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജിൽ നിന്നും ചേലക്കര സർക്കാർ കോളേജിലേക്ക് സ്ഥലം മാറ്റപ്പെട്ട ഡോ. സിന്ധു ജി. നായർ, അവരെക്കാളും ഔട്ട്സ്റ്റേഷൻ സർവ്വീസ് കുറഞ്ഞ വ്യക്തിയായ Dr. Indu Velsar- ന് ഹോംസ്റ്റേഷനിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിലേക്ക് Dr. Sindu G. Nair-നെ ഹോംസ്റ്റേഷനിൽ നിന്നും സ്ഥലം മാറ്റിയ നടപടി പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമാർശം രണ്ടു പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

അതിന്റെ അടിസ്ഥാനത്തിൽ, പരാതി സംബന്ധിച്ച് വിശദമായി പരിശോധന നടത്തുകയും 1994-ലെ G.O.(MS)No.27/94/HEdn പ്രകാരമുള്ള സർക്കാർ കോളേജ് അദ്ധ്യാപകരുടെ സ്ഥലംമാറ്റ മാനദണ്ഡത്തിലെ ഖണ്ഡിക 5(b) പ്രകാരം Dr. Sindu G. Nair-ന്റെ പരാതിയിൽ കഴമ്പുള്ളതായി ബോദ്ധ്യപ്പെടുകയും ചെയ്തു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരാമർശം ഒന്ന് പ്രകാരമുള്ള സ്ഥലംമാറ്റ ഉത്തരവിലെ അപാകത പരിഹരിക്കുന്നതിനായി ചുവടെ സൂചിപ്പിക്കുന്ന ഹിന്ദി വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിനുനേരെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലേക്ക് ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു

| ക്രമ നം. | ജീവനക്കാരുടെ പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കപ്പെടുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ഡോ. സിന്ധു ജി. നായർ, ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, ചേലക്കര | ഗവൺമെന്റ് കോളേജ്, തൃപ്പൂണിത്തുറ (ഡോ. ഇന്ദുവെൽസാറിനെ സ്ഥലം മാറ്റുന്ന ഒഴിവിൽ) |
| 2 | ഡോ. ഇന്ദുവെൽസാർ, ഗവൺമെന്റ് കോളേജ്, തൃപ്പൂണിത്തുറ | ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, ചേലക്കര (ഡോ. സിന്ധു ജി. നായരെ സ്ഥലം മാറ്റുന്ന ഒഴിവിൽ) |

സ്ഥാപനമേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും, വിടുതൽ ചെയ്യിക്കേണ്ടതുമാണ്. വിടുതൽ ചെയ്ത വിവരവും, ജോലിയിൽ പ്രവേശിച്ച വിവരവും പ്രിൻസിപ്പാൾമാർ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഡോ. തോമസ് കുരുവിള
അഡീഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ്

1. ഡോ. സിന്ധു ജി. നായർ, ഗവൺമെന്റ് കോളേജ്, ചേലക്കര
2. ഡോ. ഇന്ദുവെൽസർ, ഗവൺമെന്റ് കോളേജ്, തൃപ്പൂണിത്തുറ
3. പ്രിൻസിപ്പാൾ, സർക്കാർ കോളേജ്, ചേലക്കര
4. പ്രിൻസിപ്പാൾ, സർക്കാർ കോളേജ്, തൃപ്പൂണിത്തുറ
5. കരുതൽ ഫയൽ/നടപ്പ് ഫയൽ

/അംഗീകാരത്തോടെ/

സൂപ്രണ്ട്

ടി. പി. 22/7/.2015